## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4484 25.10. 2016 ൽ മറുപടിക്ക്

### വൈദ്യുതി ബോർഡിലെ സൂപ്പർവൈസറി തസ്തിക

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ))വൈദ്യുതി ബോർഡിൽ ഉല്പ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിൽ സൂപ്പർവൈസറി തസ്തികകളിൽ എഞ്ചിനീയറിംഗ് ഡിപ്ലോമയോ ഡിഗ്രിയോ ഉള്ളവരെ നിയമിക്കണമെന്ന് റഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി)വൈദ്യുതി ബോർഡിൽ മതിയായ യോഗ്യത ഇല്ലാത്തവർ ഉല്പ്പാദന, പ്രസരണ, വിതരണ ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നത് വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ; | (ബി)&(സി) റിപ്പോർട്ട് ചെയ്യപ്പെട്ട അപകടങ്ങളുടെ കാരണങ്ങൾ പരിശോധിച്ചതിൽ സാങ്കേതിക വിജ്ഞാനത്തിന്റെ പരിമിതികൾ അപകടങ്ങൾ സംഭവിക്കുന്നതിനു കാരണമായതായി വിലയിരുത്തപ്പെട്ടിട്ടില്ല.<br>ഈ വിഷയം പഠിച്ച് വിലയിരുത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറും, ഫുൾ ടൈം ഡയറക്ടേഴ്സ്, ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.), ചീഫ് പേഴ്സണൽ ഓഫീസർ തുടങ്ങിയവർ അംഗങ്ങളുമായി ഒരു കമ്മിറ്റി കെ.എസ്.ഇ.ബി.ലിമിറ്റഡിൽ രൂപീകരിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ റഗുലേറ്ററി കമ്മീഷൻ ഉത്തരവ് പ്രകാരം ഡിഗ്രി, ഡിപ്ലോമ എന്നിവ ഉള്ളവരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; | |

| | |
|---|---|
| (ഡി)അല്ലെങ്കിൽ ഉത്തരവിൽ ഇളവ് നൽകി നിലവിലുള്ളവരെത്തന്നെ നിലനിർത്തുമോ; ഉത്തരവിനെതിരെ കോടതിയെ സമീപിക്കുമോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) ഇക്കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ